# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6067** **02.04.2018-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ പ്രചാരണം

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി യുടെ പ്രചാരണത്തിനായി ഉദ്യോഗ സ്ഥർ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ രാജ്യങ്ങളി ലാണ് സന്ദർശനം നടത്തിയത്; | (എ) | കെ.എസ്.എഫ്.ഇ യുടെ പ്രവാസി ചിട്ടിയുടെ പ്രചാരണത്തിനും പ്രാരംഭ ചർച്ചകൾക്കുമായി കിഫ്ബിയുടേയും, കെ.എസ്.എഫ്.ഇ. യുടേയും, സി-ഡിറ്റിന്റേയും നോർക്കയുടേയും പ്രതിനിധികൾ യു.എ.ഇ -യിൽ സന്ദർശനം നടത്തുകയുണ്ടായി. യു.എ.ഇ യിലെ ദുബായ്, അബുദാബി തുടങ്ങിയ എമിറൈറ്റുകളിലാണ് സംഘം പ്രവാസി ചിട്ടിയുടെ പ്രചരണത്തിനും പ്രാരംഭ ചർച്ചകൾക്കുമായി സന്ദർശനം നടത്തിയത്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശ ദാംശം നൽകുമോ; ഇവരുടെ യാത്രാച്ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ എത്ര എന്ന് വ്യക്തമാ ക്കുമോ; | (ബി) | വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയ സംഘത്തിന്റെ പട്ടിക ചുവടെ ചേർക്കുന്നു.<br>1. അഡ്വ. പീലിപ്പോസ് തോമസ്സ്, ചെയർമാൻ, കെ.എസ്.എഫ്.ഇ<br>2.ശ്രീ. പുരുഷോത്തമൻ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ<br>3.അഡ്വ. വി.കെ. പ്രസാദ്, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ<br>4.അഡ്വ. റജി സക്കറിയ, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ<br>5.ഡോ. പി.വി. ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ, സി-ഡിറ്റ്<br>6.ശ്രീ. ജോർജ്ജ് തോമസ്.കെ, അഡീഷണൽ സെക്രട്ടറി, കിഫ്ബി<br>7.ശ്രീ. ബി. ഗോപാലകൃഷ്ണൻ നായർ, ജനറൽ മാനേജർ, നോർക്ക<br>8.ശ്രീ. സുബ്രഹ്മണ്യൻ, ജനറൽ മാനേജർ, |

| | | | |
|---|---|---|---|
| | | | കെ.എസ്.എഫ്.ഇ<br>9.ശ്രീ. സനിൽ. എസ്.കെ, ഡെപ്യൂട്ടി ജനറൽ മാനേജർ, കെ.എസ്.എഫ്.ഇ<br>10.ശ്രീ. ദീപു ജേക്കബ് തോമസ്, അസിസ്റ്റന്റ് ജനറൽ മാനേജർ, കിഫ്ബി<br>11.ശ്രീ. ഹേമന്ദ്. ആർ.എസ്സ്, അസിസ്റ്റന്റ് കിഫ്ബി<br>12.ശ്രീ. ശ്യാം കെ.ബി. കെ.എസ്.ഐ.ഇ കൺസൾട്ടന്റ്, കിഫ്ബി<br>13.ശ്രീ. രതീഷ് വർഗ്ഗീസ്, സോഫ്റ്റ് വെയർ ഡെവലപ്പർ, സി-ഡിറ്റ്<br>പരിപാടി നടത്തിപ്പ്, യാത്ര, ഭക്ഷണം എന്നീ ഇനങ്ങളിലായി 59,71,987/- രൂപ (അൻപത്തി ഒൻപതു ലക്ഷത്തി എഴുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ് രൂപ മാത്രം) ചെലവായിട്ടുണ്ട്. |
| (സി) | ഗൾഫ് രാജ്യങ്ങളിൽ പ്രവാസി ചിട്ടിയുടെ പരസ്യത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; | (സി) | ഗൾഫ് രാജ്യങ്ങളിൽ പ്രവാസിച്ചിട്ടികളുടെ പ്രീ ലോഞ്ചിങ് പരസ്യത്തിലേക്കായി കെ എസ് എഫ് ഇ ഇത് വരെ ചെലവഴിച്ച തുക 11.95 ലക്ഷം രൂപയും കിഫ്ബി ചെലവഴിച്ചത് 40,90,249 രൂപയുമാണ്. |
| (ഡി) | പ്രസ്തുത പരസ്യങ്ങളുടെ ഭാഗമായി പ്രവാസി ചിട്ടിയിൽ എത്ര പേരെ ചേർക്കുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രവാസി ചിട്ടി ആരംഭിക്കാൻ പോകുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ